കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കേന്ദ്ര റവന്യൂബോർഡുകൾ ആക്ററ്, 1963

**(1963-ലെ 54-ാം നമ്പർ)**

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1977

വില: [illegible]0-50

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കേന്ദ്ര റവന്യൂബോർഡുകൾ ആക്റ്റ്, 1963

(1963-ലെ 54-ാം നമ്പർ)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സ്പ്രണ്ടു
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1977

ക0-50

# കേന്ദ്ര റവന്യൂബോർഡുകൾ ആക്റ്റ്, 1963

## 1963-ലെ 54-ാം നമ്പർ

പ്രത്യക്ഷനികുതികൾക്കും, എക്സൈസ് കസ്റ്റംസ് എന്നിവയ്ക്കും വെവ്വേറെയുള്ള റവന്യൂബോർഡുകൾ ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാനും, ആ ബോർഡുകൾക്ക് അധികാരങ്ങൾ നല്കുകയും, അവയുടെമേൽ കർത്തവ്യങ്ങൾ ചുമത്തുകയും ചെയ്യുന്നതിനുവേണ്ടി ചില അധിനിയമങ്ങൾ ഭേദഗതിചെയ്യാനും ഉള്ള ആക്റ്റ്.

[1963 ഡിസംബർ, 30]

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പതിന്നാലാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന്, കേന്ദ്ര റവന്യൂ ബോർഡുകൾ ആക്റ്റ്, 1963 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, ഈ ആക്റ്റിൽ—

(ക) "ബോർഡി" ന്, 3-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡോ, എക്സൈസ് കസ്റ്റംസ് കേന്ദ്ര ബോർഡോ എന്ന് അർത്ഥമാകുന്നതും;

(ഖ) "കേന്ദ്ര റവന്യൂബോർഡി" ന്, കേന്ദ്ര റവന്യൂബോർഡ് ആക്റ്റ്, 1924 (1924–ലെ 4)-ൻ കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള കേന്ദ്ര റവന്യൂ ബോർഡ് എന്നർത്ഥമാകുന്നതും;

(ഗ) "പ്രത്യക്ഷനികുതി" യ്ക്ക്,—

(1) (i) എസ്റ്റേററ് ഡ്യൂട്ടി ആക്റ്റ്, 1953 (1953–ലെ 34) –നോ;
(ii) സ്വത്തുനികുതി ആക്റ്റ്, 1957 (1957–ലെ 27) –നോ;
(iii) വ്യയനികുതി ആക്റ്റ്, 1957 (.957–ലെ 29) –നോ;
(iv) ദാനനികുതി ആക്റ്റ്, 1958 (1958–ലെ 18) –നോ;
(v) ആദായനികുതി ആക്റ്റ്, 1961 (1961–ലെ 43) –നോ;
(vi) അധിലാഭനികുതി ആക്റ്റ്, 1963 (1963–ലെ 14) –നോ;
(vii) പലിശനികുതി ആക്റ്റ്, 1974 (1974–ലെ) –നോ കീഴിൽ

ലെവിചെയ്യാവുന്ന ഏതെങ്കിലും ഡ്യൂട്ടിയും അല്ലെങ്കിൽ, ചാർജ് ചെയ്യാവുന്ന ഏതെങ്കിലും നികുതിയും;

(2) ഏതു ഡ്യൂട്ടിയോ നികുതിയോ ആണോ, അതിന്റെ പ്രകൃതമോ ആപാദനമോ പരിഗണിച്ച് കേന്ദ്ര ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രത്യക്ഷനികുതിയായി പ്രഖ്യാപിക്കുന്നത്, അങ്ങനെയുള്ള മറേറതെങ്കിലും ഡ്യൂട്ടിയും, അല്ലെങ്കിൽ നികുതിയും;

എന്ന് അർത്ഥമാകുന്നതും,

ആണ്.

3. പ്രത്യക്ഷനികുതികൾക്കും എക്സൈസ് കസ്റ്റംസ് എന്നിവയ്ക്കും വെവ്വേറെ കേന്ദ്ര ബോർഡുകൾ ഏർപ്പെടുത്തുന്നത്.—(1) കേന്ദ്ര ഗവൺമെൻറ്, കേന്ദ്ര റവന്യൂബോർഡിൻെറ സ്ഥാനത്ത് പ്രത്യക്ഷ നികുതികൾ കേന്ദ്ര ബോർഡ് എന്നും, എക്സൈസ് കസ്റ്റംസ് കേന്ദ്ര ബോർഡ് എന്നും പേർ പറയപ്പെടേണ്ട രണ്ടു വെവ്വേറെയുള്ള റവന്യൂബോർഡുകൾ ഏർപ്പെടുത്തേണ്ടതും, അങ്ങനെയുള്ള ഓരോ ബോർഡും, കേന്ദ്ര ഗവൺമെൻറിൻെറ നിയന്ത്രണത്തിനു വിധേയമായി, കേന്ദ്ര ഗവൺമെൻറാ ഏതെങ്കിലും നിയമമോ നിയമത്തിൻകീഴിലോ ആ ബോർഡിനെ ഭരമേല്പിക്കുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) ഓരോ ബോർഡും, നിയമിക്കുന്നത് യുക്തമെന്ന് കേന്ദ്ര ഗവൺമെൻറിന് തോന്നുന്നത്രയുള്ളതും അഞ്ചിൽ കവിയാത്തത്രയുള്ളതുമായ ആളുകൾ അടങ്ങിയതായിരിക്കേണ്ടതാണ്.

4. ബോർഡിൻെറ നടപടിക്രമം.—(1) ഓരോ ബോർഡും, കാര്യങ്ങൾ നടത്തുന്നതു ക്രമപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾക്കനുസൃതമായി പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, അല്ലെങ്കിൽ ചെയ്യുന്ന ഏതൊരു കൃത്യവും, അതതുസംഗതി പോലെ, ബോർഡിൻെറ ഉത്തരവോ കൃത്യമോ ആണെന്ന് തീരുമാനിക്കപ്പെടുന്നതുമാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടു അടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് ഇരു സഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും, ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം, പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

5. ചില അധിനിയമങ്ങളുടെ ഭേദഗതി.—(1) എസ്റ്റേററ് ഡ്യൂട്ടി ആക്ററ്, 1953 (1953–ലെ 34) –ലും, സ്വത്തുനികുതി ആക്ററ്, 1957 (1957–ലെ 27)–ലും, വ്യയനികുതി ആക്ററ്, 1957 (1957–ലെ 29) –ലും, ദാനനികുതി ആക്ററ്, 1958 (1958–ലെ 18) –ലും, ആദായനികുതി ആക്ററ്, 1961 (1961–ലെ 43)–ലും, അധിലാഭനികുതി ആക്ററ്, 1963 (1963–ലെ 14)–ലും "കേന്ദ്ര റവന്യൂബോർഡ് ആക്ററ്, 1924 (1924–ലെ 4) –ൻ കീഴിൽ ഏർപ്പെടുത്തുന്ന കേന്ദ്ര റവന്യൂബോർഡ്" എന്നോ "കേന്ദ്ര റവന്യൂബോർഡ്" എന്നോ ഉള്ള വാക്കുകൾക്കും അക്കങ്ങൾക്കും പകരം, അവ വരുന്നിടത്തെല്ലാം, "കേന്ദ്ര റവന്യൂബോർഡുകൾ ആക്ററ്, 1963–ൻ കീഴിൽ ഏർപ്പെടുത്തുന്ന പ്രത്യക്ഷ നികുതികൾ കേന്ദ്ര ബോർഡ്" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാകുന്നു.

(2) കേന്ദ്ര എക്സൈസുകളും ഉപ്പും ആക്റ്റ്, 1944 (1944-ലെ 1) -ലും, കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52) -ലും, "കേന്ദ്ര റവന്യൂ ബോർഡ് ആക്റ്റ്, 1924 (1924-ലെ 4) -ൻ കീഴിൽ ഏർപ്പെടുത്തുന്ന കേന്ദ്ര റവന്യൂബോർഡ്" എന്നോ "കേന്ദ്ര റവന്യൂബോർഡ്" എന്നോ ഉള്ള വാക്കുകൾക്കും അക്ഷരങ്ങൾക്കും പകരം, അവ വരുന്നിടത്തെല്ലാം, "കേന്ദ്ര റവന്യൂ ബോർഡുകൾ ആക്റ്റ്, 1963-ൻ കീഴിൽ ഏർപ്പെടുത്തുന്ന എക്സൈസ് കസ്റ്റംസ് കേന്ദ്ര ബോർഡ്" എന്ന വാക്കുകളും അക്ഷരങ്ങളും ചേർക്കേണ്ടതാകുന്നു.

(3) മറേറതെങ്കിലും അധിനിയമമോ അധിനിയമത്തിൻകീഴിലോ കേന്ദ്ര റവന്യൂബോർഡിനെ ഭരമേല്പിക്കുന്ന ചുമതലകൾ—

(ക) അങ്ങനെയുള്ള ചുമതലകൾ പ്രത്യക്ഷനികുതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിക്കുന്നതാണെങ്കിൽ, പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡിനാൽ നിർവ്വഹിക്കപ്പെടേണ്ടതും;

(ഖ) അങ്ങനെയുള്ള ചുമതലകൾ, മറേറതെങ്കിലും വിഷയം സംബന്ധിക്കുന്നതാണെങ്കിൽ, അവ, കേന്ദ്ര ഗവൺമെൻറിനാൽ പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡിനെ ഭരമേല്പിക്കാത്ത പക്ഷം, എക്സൈസ് കസ്റ്റംസ് കേന്ദ്ര ബോർഡിനാൽ നിർവ്വഹിക്കപ്പെടേണ്ടതും,

ആകുന്നു.

6. <u>ചില നടപടികൾ മാററുന്നത്</u>.—(1) ഈ ആക്റ്റിൻെറ പ്രാരംഭത്തിൽ കേന്ദ്ര റവന്യൂ ബോർഡിൻെറ മുമ്പാകെ നിലവിലിരിക്കുന്ന ഏതൊരു നടപടിയും—

(ക) അത്, പ്രത്യക്ഷനികുതികൾ സംബന്ധിച്ച നടപടിയാണെങ്കിൽ, പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡിലേയ്ക്ക് മാററപ്പെട്ടു നില്ക്കുന്നതും;

(ഖ) മറേറതെങ്കിലും സംഗതിയിൽ, എക്സൈസ് കസ്റ്റംസ് കേന്ദ്ര ബോർഡിലേയ്ക്ക് മാററപ്പെട്ടുനില്ക്കുന്നതും,

ആകുന്നു.

(2) ഏതെങ്കിലും നടപടി, പ്രത്യക്ഷ നികുതികൾ കേന്ദ്ര ബോർഡിലേയ്ക്കാണോ, കേന്ദ്ര എക്സൈസ്-കസ്റ്റംസ് ബോർഡിലേയ്ക്കാണോ മാററപ്പെട്ടുനില്ക്കുന്നത് എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, അതു കേന്ദ്ര ഗവൺമെൻറിന് റഫർ ചെയ്യേണ്ടതും, കേന്ദ്ര ഗവൺമെൻറിൻെറ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(3) ഈ ആക്റ്റിൻെറ പ്രാരംഭത്തിൽ നിലവിലിരിക്കുന്നതും, കേന്ദ്ര റവന്യൂബോർഡ് കക്ഷിയായതുമായ ഏതെങ്കിലും നിയമ നടപടിയിൽ,—

(ക) അത്, പ്രത്യക്ഷനികുതികൾ സംബന്ധിച്ച നടപടിയാണെങ്കിൽ, അങ്ങനെയുള്ള നടപടിയിൽ, കേന്ദ്ര റവന്യൂബോർഡിന് പകരം പ്രത്യക്ഷനികുതികൾ കേന്ദ്ര ബോർഡ് ചേർക്കപ്പെട്ടതായി കരുതപ്പെടുന്നതും;

(ഖ) അത്, മറേറതെങ്കിലും വിഷയം സംബന്ധിച്ച നടപടിയാണെങ്കിൽ, അങ്ങനെയുള്ള നടപടിയിൽ കേന്ദ്ര റവന്യൂ ബോർഡിന് പകരം കേന്ദ്ര എക്സൈസ്-കസ്റ്റംസ് ബോർഡ് ചേർക്കപ്പെട്ടതായി കരുതപ്പെടുന്നതും;

ആകുന്നു.

7. വിഷമതകൾ നീക്കംചെയ്യാനുള്ള അധികാരം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രഭാവം നല്കുന്നതിൽ എന്തെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, കേന്ദ്ര ഗവൺമെൻറിന്, ആ വിഷമത നീക്കംചെയ്യുന്നതിന് ആവശ്യകമോ സമീചീനമോ ആണെന്ന്, അതിന് തോന്നുന്നതും ഈ ആക്ററിന്റെ ഉദ്ദേശ്യങ്ങളോട് അസംഗതമല്ലാത്തതുമായ വ്യവസ്ഥകൾ, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി, ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ ഒരു ഉത്തരവ്, ഈ ആക്ററിന്റെ പ്രാരംഭത്തിന്റെ തീയതിക്ക് മുമ്പുള്ളതല്ലാത്ത ഒരു തീയതി മുതൽ പൂർവ്വകാല പ്രഭാവമുണ്ടാകത്തക്കവിധം പുറപ്പെടുവിക്കാവുന്നതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) കേന്ദ്ര റവന്യൂ ബോർഡ് ആക്ററ്, 1924 (1924-ലെ 4) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, കേന്ദ്ര റവന്യൂ ബോർഡ്, ഏതെങ്കിലും നിയമത്തിൻകീഴിൽ നടത്തിയ ഏതെങ്കിലും നിയമനത്തേയോ, അസ്സസ്മെൻറിനേയോ, പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനേയോ (ക്വാസൈജുഡീഷ്യൽ ഉത്തരവ് ഉൾപ്പെടെ), ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തേയോ, നല്കിയ ഏതെങ്കിലും ഒഴിവാക്കലിനേയോ സമ്മതിയേയോ അംഗീകാരത്തേയോ, പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനേയോ വിജ്ഞാപനത്തേയോ നിദേശത്തേയോ ആദേശത്തേയോ, ലെവി ചെയ്ത ഏതെങ്കിലും ഡ്യൂട്ടിയേയോ, ചുമത്തിയ ഏതെങ്കിലും ദണ്ഡനത്തേയോ പിഴയേയോ, വിധിച്ച ഏതെങ്കിലും കണ്ടുകെട്ടലിനേയോ, നിർണ്ണയിച്ച ഏതെങ്കിലും ഫാറത്തേയോ, ചെയ്ത മറേറതെങ്കിലും കാര്യത്തേയോ, എടുത്ത മറേറതെങ്കിലും നടപടിയേയോ ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും നിയമനമോ അസ്സസ്മെൻേറാ ഉത്തരവോ ചട്ടമോ ഒഴിവാക്കലോ സമ്മതിയോ അംഗീകാരമോ നോട്ടീസോ വിജ്ഞാപനമോ നിദേശമോ ആദേശമോ ഡ്യൂട്ടിയോ ദണ്ഡനമോ പിഴയോ കണ്ടുകെട്ടലോ ഫാറമോ കാര്യമോ നടപടിയോ, അതതു സംഗതിപോലെ, പ്രത്യക്ഷനികുതികൾ കേന്ദ്രബോർഡോ, എക്സൈസ് കസ്റ്റംസ് കേന്ദ്രബോർഡോ നടത്തിയതോ പാസ്സാക്കിയതോ ഉണ്ടാക്കിയതോ നല്കിയതോ പുറപ്പെടുവിച്ചതോ ലെവിചെയ്തതോ ചുമത്തിയതോ വിധിച്ചതോ നിർണ്ണയിച്ചതോ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും, അത്, ബന്ധപ്പെട്ട ബോർഡിനാൽ പുതുക്കപ്പെടുകയോ പിൻവലിക്കപ്പെടുകയോ പുറന്തള്ളപ്പെടുകയോ ചെയ്യാത്തപക്ഷവും, ചെയ്യുന്നതുവരേയും, പ്രാബല്യത്തിൽ തുടരുന്നതുമാകുന്നു.